## സ്വർണം: കയ്യിലുള്ളവരുടെ രാശി തെളിയുന്നു

കൊച്ചി: സ്വർണാഭരണ പ്രേമികൾക്ക് ചെറിയൊരു പ്രതീക്ഷ നൽകി ഈയിടെ സ്വർണ വില കുറഞ്ഞിരുന്നു. എന്നാൽ യുഎസിലെ സാമ്പത്തിക സ്ഥിതിയെ പറ്റിയുള്ള ആശങ്കയും പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നയങ്ങളും വീണ്ടും തീവിലയിലേക്ക് കയറുകയാണ് സ്വർണം. ഇന്ന് പവന് 360 രൂപ വർധിച്ച് 71,800 രൂപയിലാണ് സ്വർണ വില. ഗ്രാമിന് 45 രൂപയുടെ വർധനവോടെ 8975 രൂപയിലേക്കും സ്വർണ വിലയെത്തി. സർവകാല ഉയരമായ 74,320 രൂപയിൽ നിന്നും താഴെയാണെങ്കിലും സ്വർണ വില ഇനിയും ഉയർന്നേക്കാം എന്ന സാധ്യതയാണ് വിദഗ്ധർ മുന്നോട്ട് വെയ്ക്കുന്നത്. ഒരു തരി പൊന്ന് പോലും ആഡംബരമാക്കി സ്വർണ വില 85,000 രൂപ കടന്നേക്കും എന്നാണ് റിപ്പോർട്ട്.



സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004



സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com




## ‘എല്ലാ പരിധികളും ഫെഡറൽ തത്വങ്ങളും ലംഘിക്കുന്നു’

# ഇ.ഡിക്കെതിരേ രൂക്ഷവിമർശനവുമായി സുപ്രീം കോടതി

ന്യൂഡൽഹി: തമിഴ്നാട്ടിലെ ടാസ്മാക് മദ്യ അഴിമതിയുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) നടത്തുന്ന അന്വേഷണവും റെയ്ഡുകളും സുപ്രീംകോടതി സ്റ്റേ ചെയ്തു. ഇ.ഡിയ്ക്കെതിരേ രൂക്ഷവിമർശനവും സുപ്രീം കോടതി നടത്തി. ഇ.ഡി. എല്ലാ പരിധികളും ഫെഡറൽ തത്വങ്ങളും ലംഘിക്കുന്നുവെന്ന് സുപ്രീം കോടതി നിരീക്ഷിച്ചു.

ടാസ്മാക് മദ്യ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്താൻ ഇ.ഡിക്ക് മദ്രാസ് ഹൈക്കോടതി അനുമതി നൽകിയിരുന്നു. മദ്രാസ് ഹൈക്കോടതിയുടെ ഈ ഉത്തരവ് ചോദ്യം ചെയ്താണ് തമിഴ്നാട് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചത്. അഴിമതിയുമായി ബന്ധപ്പെട്ട് തമിഴ്നാട് പോലീസ് 41 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് തമിഴ്നാട് സർക്കാരിനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ സീനിയർ അഭിഭാഷകൻ കപിൽ സിബൽ ചൂണ്ടിക്കാട്ടി.

എന്നാൽ, 2025-ലാണ് ഇഡി അന്വേഷണത്തിന് മദ്രാസ് ഹൈക്കോടതി ഉത്തരവിട്ടത്. ഈ ഉത്തരവിന് ശേഷം ഇഡി ഉദ്യോഗസ്ഥർ ടാസ്മാക് ആസ്ഥാനത്ത് റെയ്ഡ് നടത്തിയെന്നും കോർപ്പറേഷന്റെ എംഡിയും ഭാര്യയും ഉൾപ്പടെയുള്ളവരെ കസ്റ്റഡിയിലെടുത്തെന്നും കോർപ്പറേഷനുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ സീനിയർ അഭിഭാഷകൻ മുകുൾ റോത്തഗി ചൂണ്ടിക്കാട്ടി.

ജീവനക്കാരുടെ ഫോണുകളിലെ വിശദശാംശങ്ങൾ ക്ളോൺ ചെയ്ത് ഇഡി ഉദ്യോഗസ്ഥർ കൊണ്ടുപോയതായും ഇത് സ്വകാര്യതയുടെ ലംഘനമാണെന്നും റോത്തഗി വാദിച്ചു. തുടർന്നാണ് ഇഡിയ്ക്കെതിരേ ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ച് രൂക്ഷ വിമർശനം നടത്തിയത്.



1000 കോടിയുടെ സാമ്പത്തിക തട്ടിപ്പാണ് നടന്നതെന്ന് ഇഡിക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിസ്റ്റർ ജനറൽ എസ്.വി. രാജു സുപ്രീം കോടതിയെ അറിയിച്ചു. തമിഴ്നാട് സർക്കാർ ഫയൽ ചെയ്ത ഹർജിയിൽ സുപ്രീം കോടതി ഇഡിക്ക് നോട്ടീസയച്ചു. മറുപടി നൽകുന്നതിന് രണ്ടാഴ്ചത്തെ സമയമാണ് നൽകിയിരിക്കുന്നത്.

## ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ല: ജയ്ശങ്കർ

ആംസ്റ്റർഡാം: ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്ന് വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ. ഡച്ച് മാധ്യമമായ എൻഒഎസിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഓപ്പറേഷൻ തുടർന്നുകൊണ്ടിരിക്കുകയാണ്. കാരണം ആ ഓപ്പറേഷനിൽ സുവ്യക്തമായൊരു സന്ദേശമുണ്ട്. അതായത്, ഏപ്രിൽ 22ന് നാം കണ്ടവിധത്തിലുള്ള പ്രവൃത്തികൾ ഇനിയുണ്ടായാൽ അതിനു നേർക്ക് പ്രതികരണമുണ്ടാകും. നാം ഭീകരവാദികളെ ആക്രമിക്കും, ജയ്ശങ്കർ വ്യക്തമാക്കി.

ഭീകരവാദികൾ പാകിസ്താനിലാണെങ്കിൽ, അവർ എവിടെയാണോ അവിടെവെച്ച് ആക്രമിക്കുമെന്നും ജയ്ശങ്കർ പറഞ്ഞു. ഓപ്പറേഷൻ തുടരുന്നതിനകത്ത് ഒരു സന്ദേശമുണ്ട്. എന്നാൽ, ഓപ്പറേഷൻ തുടരുന്നു എന്നത് പരസ്പരം വെടിയുതിർക്കുന്നതിന് സമാനമല്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.



പാകിസ്താൻ സൈനിക മേധാവിയുടെ മതത്തെക്കുറിച്ചുള്ള അതിതീവ്രമായ വീക്ഷണം പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരവാദികളെ സ്വാധീനിച്ചിരുന്നെന്നും ജയ്ശങ്കർ ആരോപിച്ചു. വിനോദസഞ്ചാരത്തെ ദോഷകരമായി ബാധിക്കാനും വർഗീയകലാപം സൃഷ്ടിക്കാനുമുള്ള ലക്ഷ്യത്തോടെയാണ് പഹൽഗാം ആക്രമണം നടന്നത്. മതം എന്നൊരു ഘടകംകൂടി ഉൾപ്പെടുത്തപ്പെട്ടു. മതപരമായി അതിതീവ്ര കാഴ്ചപ്പാടുള്ളയാളാണ് പാകിസ്താൻ സൈനിക മേധാവി. ചിലർ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളോട് ചേർന്നുനിൽക്കും, ജയ്ശങ്കർ പറഞ്ഞു.

ഏപ്രിൽ 22-ന് പഹൽഗാമിൽ 26 പേർ കൊല്ലപ്പെടാനിടയായ ഭീകരാക്രമണത്തിന് മറുപടിയായാണ് മേയ് ഏഴാം തീയതി ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ നടത്തിയത്. പാകിസ്താന്റെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളിലെ ഒൻപത് ഭീകര കേന്ദ്രങ്ങളാണ് ഇന്ത്യൻ സൈന്യം തകർത്തത്.

## കൂട്ടബലാത്സംഗം: ബി.ജെ.പി എം.എൽ.എ ഉൾപ്പെടെ നാല് പേർക്കെതിരെ കേസ്

ബംഗളൂരു: നാൽപതുകാരിയായ ബി.ജെ.പി പ്രവർത്തകയുടെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലിൽ ബി.ജെ.പി എം.എൽ.എക്കും മൂന്നുപേർക്കുമെതിരെ കേസെടുത്തു. ബി.ജെ.പി ആർ.ആർ. നഗർ എം.എൽ.എ എൻ. മുനിരത്ന സഹായികളായ വസന്ത്, ചന്നകേശവ, കമൽ എന്നിവർക്കെതിരെയാണ് കേസ്.

കള്ളക്കേസ് എടുത്ത ശേഷം സഹായ വാഗ്ദാനം ചെയ്ത് എം.എൽ.എ ഓഫീസിലെത്തിച്ച് പീഡിപ്പിച്ചുവെന്നാണ് യുവതിയുടെ പരാതി. തന്നെ കൂട്ടബലാത്സംഗത്തിന് ഇരയാക്കിയെന്നും മുഖത്ത് മൂത്രമൊഴിച്ചെന്നും ശരീരത്തിൽ മാരക വൈറസ് കുത്തിവെച്ചെന്നുമാണ് യുവതിയുടെ പരാതിയിലുള്ളത്. പരാതിയുടെ അടിസ്ഥാനത്തിൽ, ആർ.ആർ. നഗർ എം.എൽ.എ മുനിരത്നക്കും കൂട്ടാളികളായ വസന്ത്, ചന്നകേശവ, കമൽ എന്നിവർക്കുമെതിരെ ബലാത്സംഗ കുറ്റം ചുമത്തി ആർ.എം.സി യാർഡ് പൊലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## അന്നൂസ് റോഷനെ കൊണ്ടോട്ടിയിൽ കണ്ടെത്തി

കോഴിക്കോട്: കൊടുവള്ളി കിഴക്കോത്ത് വീട്ടിൽനിന്ന് തട്ടിക്കൊണ്ടുപോയ യുവാവിനെ കണ്ടെത്തി. കിഴക്കോത്ത് പരപ്പാറ ആയിക്കോട്ടിൽ അബ്ദുൽ റഷീദിന്റെ മകൻ അന്നൂസ് റോഷനെ (21) മലപ്പുറം കൊണ്ടോട്ടിയിൽനിന്നാണ് കണ്ടെത്തിയത്. കാണാതായി അഞ്ചാം ദിവസമാണ് യുവാവിനെ കണ്ടെത്തുന്നത്. അന്നൂസ് റോഷനുമായി പിതാവ് ഫോണിൽ സംസാരിച്ചു.

തട്ടിക്കൊണ്ടുപോയ സംഘം മറ്റൊരു വാഹനത്തിൽ കയറ്റിവിടുകയായിരുന്നു. കൊണ്ടോട്ടി ബസ്റ്റാന്റിൽനിന്നാണ് യുവാവിനെ കണ്ടെത്തിയത്. 5ദിവസം മുമ്പാണ് യുവാവിനെ സംഘം വീട്ടിൽനിന്ന് തട്ടിക്കൊണ്ടുപോയത്. പ്രതികൾക്കായി പോലീസ് ബുധനാഴ്ച ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രതികൾ മലപ്പുറം ജില്ലയിൽ ഉണ്ടെന്ന് പോലീസിന് കൃത്യമായി വിവരം ലഭിക്കുകയും പോലീസ് മലപ്പുറം കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും ചെയ്യുന്നതിനിടെയാണ് യുവാവിനെ സംഘം ഉപേക്ഷിച്ചത്.

യുവാവിനെ കൊടുവള്ളി പോലീസിന് കൈമാറി. പോലീസ് ഉടൻ യുവാവുമായി കൊടുവളളിയിൽ എത്തും. പ്രതികൾ ഒളിവിലായതിനാൽ തിരോധാനവുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്തുവിടാനാവില്ലെന്ന് അന്വേഷണസംഘം അറിയിച്ചു.

കേസ് അന്വേഷിക്കുന്നതിനായി താമരശ്ശേരി ഡിവൈഎസ്പി സുശീർ കുമാറിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപവത്കരിച്ചിരുന്നു.

തട്ടിക്കൊണ്ടുപോകുന്നതിനായി എത്തിയ സംഘം ഉപയോഗിച്ച ബൈക്കിന്റെ ആർസി ഉടമയെയും സുഹൃത്തിനെയും സംഘത്തിന് വീട് കാണിച്ചു



കൊടുത്ത മറ്റൊരാളെയും പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യംചെയ്തിരുന്നു. കൊണ്ടോട്ടി സ്വദേശികളായ മുഹമ്മദ് റിസ്വാൻ, അനസ് എന്നിവരെ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു.

അന്നൂസ് റോഷന്റെ സഹോദരൻ അജ്മൽ റോഷൻ വിദേശത്താണ്. അജ്മലുമായി വിദേശത്ത് നടന്ന സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട തർക്കമാണ് അജ്മലിന്റെ ഇളയസഹോദരനെ തട്ടിക്കൊണ്ടുപോകുന്നതിന് ഇടയാക്കിയത്. യുവാവിനെ തട്ടിക്കൊണ്ടുപോകാൻ വന്ന സംഘം ഉപയോഗിച്ച കാറിന്റെ നമ്പർ വ്യാജമാണെന്നും വിദേശത്തുള്ള അജ്മൽ നേരത്തേ ആമ്പർ ഗ്രീസ് (തിമിംഗില ഛർദി) കടത്തിയതുമായി ബന്ധപ്പെട്ട കേസിലെ പ്രതിയാണെന്നും പോലീസ് പറഞ്ഞു.

## ‘സ്റ്റോപ്പ് ഇസ്രായേൽ’

പാരീസ്: ഗസ്സയിൽ ഇസ്രായേൽ കൂട്ടക്കൊല ചെയ്ത കുഞ്ഞുങ്ങളുടെ പേരെഴുതിയ ടീഷർട്ട് ധരിച്ച് വിക്കിലീക്സ് സ്ഥാപകൻ ജൂലിയൻ അസാൻജ് കാൻ ചലച്ചിത്ര വേദിയിൽ. ഗസ്സയിൽ കൊല്ലപ്പെട്ട 5വയസ്സിൽ താഴെയുള്ള 4986 കുഞ്ഞുങ്ങളുടെ പേരെഴുതിയ ടീഷർട്ട് ധരിച്ചാണ് അസാൻജ് ഇസ്രായേൽ വംശഹത്യക്കെതിരായ തന്റെപ്രതിഷേധം ലോകവേദിയിൽ പ്രകടിപ്പിച്ചത്. ടീഷർട്ടിന്റെപിറകിൽ ‘സ്റ്റോപ്പ് ഇസ്രായേൽ’ എന്നും എഴുതിയിരുന്നു.

## ദേശീയപാത തകർന്നതിൽ പ്രതിഷേധം; കരാർ കമ്പനിയുടെ ഓഫീസിലേക്ക് ഡിവൈഎഫ്ഐ മാർച്ച്, സംഘർഷം

കണ്ണൂർ: ദേശീയപാത 66-ന്റെ നിർമാണത്തിലെ അപാകതയുമായി ബന്ധപ്പെട്ട് കരാർ കമ്പനി ഓഫീസിലേക്ക് ഡിവൈഎഫ്ഐ മാർച്ച്. കണ്ണൂരിൽ മേഘ കൺസ്ട്രക്ഷൻസിന്റെ ഓഫീസിലേക്കാണ് ഡിവൈഎഫ്ഐ പ്രവർത്തകർ മാർച്ച് നടത്തിയത്. മാർച്ച് സംഘർഷത്തിൽ കലാശിക്കുകയും പ്രവർത്തകർ ഓഫീസ് അടിച്ചുതകർക്കുകയും ചെയ്തു.

ദേശീയപാത നിർമാണം നടക്കുന്ന പിലാത്തറയിൽ കഴിഞ്ഞദിവസമുണ്ടായ മഴയിൽ വലിയ വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നു. ഇതോടെ റോഡ് അടച്ചിടേണ്ട സ്ഥിതിവന്നു. ആളുകൾക്ക് അതിലൂടെ പോകാൻ സാധിക്കാത്ത സ്ഥിതിയുമുണ്ടായി. ഇതാണ് ഡിവൈഎഫ്ഐ പ്രതിഷേധത്തിന് കാരണം.

മേഘ കൺസ്ട്രക്ഷൻസിന്റെ വെളൻകോടുള്ള ഓഫീസിനുള്ളിലേക്ക് ഡിവൈഎഫ്ഐ നടത്തിയ മാർച്ച് പുറത്ത് പോലീസ് തടഞ്ഞിരുന്നു. എന്നാൽ പ്രതിഷേധക്കാർ പോലീസിനെ മറികടന്ന് ഓഫീസിനുള്ളിലേക്ക് കയറുകയും ഓഫീസിന്റെ ചില്ലും സിസിടിവിയും അടക്കം അടിച്ചുതകർക്കുകയുമായിരുന്നു. ഓഫീസിനുള്ളിൽ പ്രവർത്തകർ ജീവനക്കാരെ ഉപരോധിക്കുകയും ചെയ്തു.

നേരത്തേ ദേശീയപാത നവീകരിക്കുന്നതിന്റെ ഭാഗമായി പിലാത്തറ ഭാഗത്തുയർത്തിയ റോഡിന്റെ സംരക്ഷണഭിത്തിയുടെ അടിഭാഗത്ത് വിള്ളൽ വീണിരുന്നു. കിലോമീറ്ററുകളോളം നീളത്തിലാണ് സംരക്ഷണ ഭിത്തിയുടെ പല ഭാഗത്തെയും സ്ലാബുകൾ പൊട്ടിയത്. കനത്തമഴയിൽ മണ്ണും വെള്ളവും കുത്തിയൊലിച്ചതോടെ സംരക്ഷണഭിത്തി തകരുകയായിരുന്നു.

സർവീസ് റോഡിനു സമീപത്തായി കോട്ടപോലെ ഉയർന്നു നിൽക്കുന്ന സംരക്ഷണഭിത്തി ആറു മാസം മുൻപ് ഇളകി റോഡിൽ വീണിരുന്നു. അന്ന് കഷ്ടിച്ചാണ് യാത്രക്കാർ രക്ഷപ്പെട്ടത്. സംരക്ഷണഭിത്തിയുടെ വിള്ളലുകൾ വീണ ഭാഗത്ത് ഇപ്പോൾ റോഡ് അടച്ച് കോൺക്രീറ്റ് ചെയ്ത് അടയ്ക്കുകയാണ്. അതേസമയം, വീതികുറഞ്ഞ റോഡിൽ ഒരിടത്തുപോലും വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഒരുക്കിയിട്ടില്ല.

## കാട്ടാനയുടെ ആക്രമണത്തിൽ ഒരു ജീവൻ കൂടി പൊലിഞ്ഞു

തൃശൂർ : കാട്ടാന ആക്രമണത്തിൽ ഒരു ജീവൻ കൂടി പൊലിഞ്ഞു . മലക്കപ്പാറ തമിഴ്നാട് ചെക്ക്പോസ്റ്റിന് സമീപം താമസിക്കുന്ന മേരി(70)യാണ് മരിച്ചത്.

ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് സംഭവം. മേരി വീട്ടിൽ കിടന്ന് ഉറങ്ങുമ്പോൾ കാട്ടാന വീട് ആക്രമിക്കുകയായിരുന്നെന്നാണ് വിവരം.

തുടർന്ന് പുറത്തിറങ്ങിയ മേരിയും മക്കളും ഓടിയെങ്കിലും ആന പിന്തുടർന്ന് ആക്രമിച്ച് കൊലപ്പെടുത്തുകയായിരുന്നു.



## ബൈക്ക് യാത്രക്കിടെ ഭർത്താവിനെ തലങ്ങും വിലങ്ങും ചെരുപ്പൂരി തല്ലി ഭാര്യ

ലക്നൗ: ബൈക്ക് യാത്രക്കിടെ ഭർത്താവിനെ ചെരുപ്പൂരി തല്ലുന്ന ഭാര്യയുടെ വിഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. ഉത്തർപ്രദേശിലെ ലഖ്നൗവിലാണ് സംഭവം. ‘ഗർ കെ കലേഷ്’എന്ന എക്സ് അക്കൗണ്ടിലാണ് വിഡിയോ പ്രത്യക്ഷപ്പെട്ടത്. ഭാര്യയും ഭർത്താവും തമ്മിൽ തർക്കത്തിലേർപ്പെട്ടതിനു പിന്നാലെയാണ് ഭാര്യ ചെരുപ്പൂരി അടിക്കുന്നതെന്ന് എക്സ് ഉപയോക്താവ് പറയുന്നു.

ഇരുവരും ബൈക്കിൽ യാത്ര ചെയ്യുന്നതാണ് വിഡിയോയിൽ ആദ്യം കാണാനാവുക. അധികം വൈകാതെ ഭാര്യ ചെരുപ്പുകൊണ്ട് ഭർത്താവിനെ അടിക്കാൻ തുടങ്ങുന്നു. അതേസമയം തന്നെ ഭാര്യ ഇടതുഭാഗത്തേക്ക് കൈചൂണ്ടി എന്തോ പറയാൻ ശ്രമിക്കുന്നതും കാണാം. എന്നാൽ ഭാര്യ പറയുന്നത് കേൾക്കാതെ കൂളായി വണ്ടിയോടിച്ചു പോവുകയാണ് ഇയാൾ. തുടർന്ന് ഇവർ നിരന്തരം ഭർത്താവിന്റെ പുറംഭാഗത്ത് അടിക്കുന്നതാണ് കാണാനാവുക.

പിന്നാലെ തലയുടെ വശങ്ങളിലും ഇരുവശങ്ങളിലുമായി യുവതി നിരന്തരം അടിക്കുന്നു. തുടർന്ന് ചെറുതായൊന്ന് വണ്ടി ബാലൻസ് തെറ്റുന്നതുപോലെ തോന്നുമെങ്കിലും അതിവേഗത്തിൽ യുവാവ് വണ്ടിയോടിച്ചുപോവുകയാണ്. വിഡിയോ ഇതിനോടകം വൈറലായിക്കഴിഞ്ഞു. നാലുലക്ഷം പേരാണ് സോഷ്യൽമീഡിയയിൽ ഈ വിഡിയോ കണ്ടത്. ഇരുവരുടേയും ബന്ധത്തെക്കുറിച്ചും ഇത്തരത്തിലുള്ള പ്രവർത്തി മറ്റ് യാത്രക്കാരുടെ കൂടി സുരക്ഷ ആശങ്കയിലാക്കുന്നതാണെന്നും സോഷ്യൽമീഡിയ പറയുന്നു.

## കൊല്ലപ്പെട്ട ദിവസവും കുഞ്ഞിനെ പീഡിപ്പിച്ചു, ഫോണിൽ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ; ഒന്നരവർഷമായുള്ള ക്രൂരത

കോലഞ്ചേരി : മൂന്നര വയസുകാരിയെ അമ്മ പുഴയിൽ എറിഞ്ഞുകൊന്ന സംഭവത്തിൽ നിർണായക വഴിത്തിരിവ്. കുട്ടിയുടെ പിതാവിന്റെ സഹോദരൻ കുട്ടിയെ നിരന്തരം ക്രൂരപീഡനത്തിന് ഇരയാക്കിയതായാണ് പുറത്തുവരുന്ന വിവരം. പ്രതി ഇക്കാര്യം പോലീസിനോട് സമ്മതിച്ചിട്ടുണ്ട്. കുട്ടി കൊല്ലപ്പെട്ട ദിവസവും ഇയാൾ ലൈംഗികാതിക്രമം നടത്തിയതായാണ് വിവരം. പ്രതി ലൈംഗിക വൈകൃതങ്ങളുള്ള ആളായിരുന്നെന്നും ഇയാളുടെ ഫോൺ പരിശോധിച്ചപ്പോൾ ഞെട്ടിക്കുന്ന ദൃശ്യങ്ങൾ ലഭിച്ചതായും പോലീസ് വ്യക്തമാക്കുന്നു.

വീട്ടിൽ കുട്ടിയുമായി ഏറ്റവും അടുപ്പമുള്ളയാളായിരുന്നു പിതാവിന്റെ സഹോദരൻ. ഇത് മുതലെടുത്താണ് ഇയാൾ കുട്ടിയെ ലൈംഗികാതിക്രമത്തിന് ഇരയാക്കിരുന്നതെന്നാണ് വിവരം. ചോദ്യംചെയ്യലിൽ ആദ്യം പ്രതി കുറ്റം സമ്മതിച്ചിരുന്നില്ല. എന്നാൽ, തെളിവ് നിരത്തിയുള്ള പോലീസിന്റെ ചോദ്യംചെയ്യലിൽ ഇയാൾ കുറ്റം ഏറ്റുപറയുകയായിരുന്നു.

കൊല്ലപ്പെട്ടദിവസവും ഇയാൾ കുട്ടിയെ ക്രൂരപീഡനത്തിന് ഇരയാക്കിയതായതായാണ് പോലീസ് വ്യക്തമാക്കുന്നത്. തനിക്ക് അബദ്ധം പറ്റിയെന്നായിരുന്നു പ്രതിയുടെ മൊഴി. കഴിഞ്ഞ ഒന്നര വർഷമായി ഇയാൾ കുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചുവരുന്നുവെന്നാണ് ചോദ്യം ചെയ്യലിൽ സമ്മതിച്ചത്.

പ്രതിയെ ചോദ്യംചെയ്യുന്നതിനൊപ്പം ഇയാളുടെ ഫോൺ പോലീസ് പരിശോധിച്ചിരുന്നു. സ്റ്റേഷനിൽ വെച്ചുതന്നെ ഫോൺ തുറന്നുനോക്കിയപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് പോലീസിന് ലഭിച്ചത്. പ്രതി ലൈംഗികവൈകൃതങ്ങൾക്ക് അടിമയെന്നാണ് പോലീസ് സംശയിക്കുന്നത്. അശ്ലീലദൃശ്യങ്ങളുടെ ശേഖരം തന്നെ ഫോണിലുണ്ടെന്നാണ് വിവരം. ഇയാളെ വിശദമായി ചോദ്യം ചെയ്യുന്നതിലൂടെ കേസിൽ കൂടുതൽ വ്യക്തതയുണ്ടാകുമെന്നാണ് കരുതുന്നത്.

ആദ്യഘട്ടം ചോദ്യം ചെയ്തപ്പോൾ പ്രതി കുറ്റം നിഷേധിച്ചു. എന്നാൽ തെളിവുകളടക്കം നിരത്തിയുള്ള ചോദ്യം ചെയ്യലിൽ പ്രതി പൊട്ടിക്കരഞ്ഞ് കുറ്റം സമ്മതിക്കുകയായിരുന്നുവെന്നു. ‘കുഞ്ഞ് കൊല്ലപ്പെട്ടല്ലോ, ഇനിയില്ലാല്ലോ...’ എന്നൊക്കെ പറഞ്ഞായിരുന്നു ആദ്യം പ്രതി വിലപിച്ചത്. പിന്നീട് കുട്ടിയുടെ ദേഹത്തെ മുറിവുകളെക്കുറിച്ച് പോലീസ് ചോദിച്ചു. ഒടുവിൽ പ്രതി പൊട്ടിക്കരഞ്ഞുകൊണ്ട്, അബദ്ധം പറ്റിയെന്നുപറഞ്ഞ് കുറ്റം സമ്മതിക്കുകയായിരുന്നു. തുടർന്നാണ് പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത്.

കുട്ടിയെ അമ്മ എറിഞ്ഞു കൊലപ്പെടുത്തിയതിന് പിന്നാലെ ബന്ധുക്കളുടെയടക്കം മൊഴി രേഖപ്പെടുത്തിയിരുന്നു. എന്നാൽ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവന്നതോടെയാണ് നിർണായക വഴിത്തിരിവ് ഉണ്ടായത്. കുട്ടി ക്രൂര പീഡനത്തിനിരയായെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വ്യക്തമായിരുന്നു. തുടർന്ന് കുട്ടിയുടെ പിതാവിന്റെ സഹോദരനെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയായിരുന്നു. ഇന്ന് രാവിലെയോടെയാണ് ഇയാളുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. ഇയാൾ കുറ്റം സമ്മതിച്ചതായാണ് പോലീസ് വ്യക്തമാക്കുന്നത്.

കേസിൽ കൂടുതൽ പേരിലേക്ക് അന്വേഷണം നീളുമെന്നാണ് വിവരം. പീഡനവിവരം കുട്ടി അമ്മയോട് പറഞ്ഞിരുന്നതായും സൂചനകളുണ്ട്.

സംഭവത്തിൽ അമ്മയെ കൂടുതൽ ചോദ്യംചെയ്യലിനായി പോലീസ് കസ്റ്റഡിയിൽ വാങ്ങും. ഇതിനായി ചെങ്ങമനാട് പോലീസ് ഇന്ന് കോടതിയിൽ അപേക്ഷ നൽകും. അന്വേഷണത്തിന്റെ ഭാഗമായി കുട്ടിയുടെ അച്ഛൻ, മറ്റ് ബന്ധുക്കൾ, അങ്കണവാടി ജീവനക്കാർ, ഓട്ടോ ഡ്രൈവർ, ബസ് കണ്ടക്ടർമാർ തുടങ്ങിയവരുടെ മൊഴികൾ ആദ്യം രേഖപ്പെടുത്തും. അമ്മയുടെ ബന്ധുക്കളുടെ മൊഴിയും എടുക്കും. ചെങ്ങമനാട് സ്റ്റേഷൻ ഹൗസ് ഓഫീസർ സോണി മത്തായിക്കാണ് കേസന്വേഷണത്തിൻറെ ചുമതല. കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. കാക്കനാട് വനിതാ ജയിലിലേക്കാണ് ഇവരെ മാറ്റിയിരിക്കുന്നത്.





മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്

ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797

